**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5635** **03-11-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഡ്രോൺ സർവ്വേ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ; ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നത് പ്രകാരം എന്തൊക്കെ പ്രയോജനങ്ങൾ ആണ് ലഭിക്കുന്നത് എന്നറിയിക്കാമോ; ഡിജിറ്റൈസ് ചെയ്ത ആസ്തികൾ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഡ്രോൺ സർവ്വേ സംവിധാനം പ്രയോജനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ മാത്രമായി ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല. ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതു മുഖേന, നിലവിലെ ആസ്തികളെ സംബന്ധിക്കുന്ന കൃത്യവും, പൂർണ്ണവുമായ വിവരങ്ങൾ സംരക്ഷിക്കുന്നതിനും, ഭാവിയിൽ സൃഷ്ടിക്ക പ്പെടുന്ന ആസ്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ അതാത് സമയങ്ങളിൽ തന്നെ രേഖപ്പെടുത്തുന്നതിനും സാധിക്കുന്നു. കൂടാതെ, ആസ്തി സംരക്ഷണം, സൃഷ്ടിക്കൽ എന്നിവ സംബന്ധിച്ച പദ്ധതികൾ തയ്യാറാക്കുന്നതിനും, ആസ്തികളിന്മേലുള്ള കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തു ന്നതിനും, നടപടി സ്വീകരിക്കുന്നതിനും സഹായിക്കുന്നു. തദ്ദേശ സ്ഥാപനങ്ങളുടെ നിലവിലെ ആസ്തി രജിസ്റ്റർ ഐ.കെ.എമ്മിന്റെ നേതൃത്വത്തിൽ സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇതിലൂടെ യഥാസമയം അപ്ഡേറ്റ് ചെയ്യുവാനും സാധിക്കും. |
| (ബി) | ഇത്തരത്തിൽ എത്ര തദ്ദേശ സ്ഥാപനങ്ങൾ ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) | തിരുവനന്തപുരം,കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം , തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ, തൃതല പഞ്ചായത്തുകളുടെ റോഡ് ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് റോഡ് കണക്ടിവിറ്റി മാപ്പിംഗ് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് ഏതൊക്കെ സർക്കാർ അംഗീകൃത ഏജൻസികൾ ആണ് നിലവിലുള്ളതെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ? | (സി) | 12/12/2019 ലെ സ.ഉ (സാധാ)നം.2834/2019/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമീണപഠനകേന്ദ്രം, കേരളം, സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺ മെന്റൽ സ്റ്റഡീസ് എന്നീ ഏജൻസികളെ ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് അക്രഡിറ്റേഷൻ |

| | | | |
|---|---|---|---|
| | | | ഏജൻസി ആക്കിയിട്ടുണ്ട്. സ.ഉ.(സാധാ) നം.2556/2018/തസ്വഭവ തീയതി 04.10.2018 നമ്പർ ഉത്തരവ് പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്. IKM ന് മേൽനോട്ടം ചുമതല നൽകിയിട്ടുണ്ട്. കൂടാതെ കേരള സർക്കാർ സ്ഥാപനമായ പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സിന്റെ കീഴിലുള്ള KSREC (Kerala State Remote Sensing and Environment Centre), ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയർ സേവനം നൽകുന്നു. |

സെക്ഷൻ ഓഫീസർ